Government of Kerala
1978

Reg. No. KL/TV/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXIII] Trivandrum, Wednesday, 27th September 1978 / 5th Asvina 1900 [No. 606

കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-ബി) വകുപ്പ്

വിജ്ഞാപനം

നമ്പർ 9832- ലെജ് (ബി)1/78/ലം.

തിരുവനന്തപുരം, 1978 സെപ്റ്റംബർ 26. / 1900 ആശ്വിനം 4.

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസാക്കിയ പ്രകാരമുള്ള ബില്ലിന് 1978 സെപ്റ്റംബർ 19-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവു പ്രകാരം,

കെ. വിശ്വനാഥൻ നായർ,
നിയമ വകുപ്പ് സെക്രട്ടറി.

PRINTED AND PUBLISHED BY THE S.C.P. AT THE GOVERNMENT PRESS, TRIVANDRUM, 1978.

33/3639/MC.

1978 ലെ 29-ാം ആക്ററ്

കേരള വനോൽപ്പന്നം (വിൽപ്പനവില നിജപ്പെടുത്തൽ) ആക്ററ്, 1978

ചില പ്രധാനപ്പെട്ട വനോൽപ്പന്നങ്ങളുടെ വിൽപ്പനവില നിജപ്പെടുത്തുന്നതിലേക്കും അങ്ങനെയുള്ള വനോൽപ്പന്നം അപ്രകാരം നിജപ്പെടുത്തിയ വിലയിലും കുറവായി വിൽക്കുന്നത് നിരോധിക്കുന്നതിലേക്കും അതിന് ആനുഷംഗികമോ സഹായകമോ ആയ സംഗതികൾക്കും വ്യവസ്ഥചെയ്യുന്ന ഒരു ആക്ററ്.

പീഠിക.—സംസ്ഥാനത്തെ വനസമ്പത്ത് കഴിയുന്നിടത്തോളം പരമാവധി സംരക്ഷിക്കുന്നത് ആവശ്യമായിരിക്കുകയാലും;

സംസ്ഥാനത്തെ വനങ്ങളുടെ ശരിയായ പുനരുദ്ധാരണവും, സംരക്ഷണവും, വനോൽപ്പന്നങ്ങൾ ന്യായമായ നിരക്കുകളിൽ വിൽക്കുകയും അതിൽ നിന്ന് കിട്ടുന്നത് അങ്ങനെയുള്ള ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യാത്തപക്ഷം, സാദ്ധ്യമല്ലാതായിരിക്കുകയാലും;

വനത്തിന്റെ നിലനിൽപ്പുതന്നെ അതിന്റെ ശരിയായ പുനരുദ്ധാരണത്തെയും സംരക്ഷണത്തേയും ആശ്രയിച്ചിരിക്കുകയാലും;

വനോൽപ്പന്നങ്ങൾ, പ്രത്യേകിച്ച് മുളയും യൂക്കാലിപ്ററസ്പോലുള്ള പണിത്തരത്തിനു കൊള്ളാത്ത മരങ്ങളും ഉൾപ്പെടെയുള്ള തടി, ന്യായരഹിതമായി കുറഞ്ഞ നിരക്കുകളിൽ വിററുകൊണ്ടിരിക്കുകയാലും ;

ചില പ്രധാനപ്പെട്ട വനോൽപ്പന്നങ്ങളുടെ വിൽപ്പനവില നിജപ്പെടുത്തുന്നതിലേക്കും അങ്ങനെയുള്ള ഉൽപ്പന്നങ്ങൾ അപ്രകാരം നിജപ്പെടുത്തിയ വിലയിലും കുറവായി വിൽക്കുന്നത് നിരോധിക്കുന്നതിലേക്കും അതിനു ആനുഷംഗികമോ അഥവാ സഹായകമോ ആയ മററു സംഗതികൾക്കും വ്യവസ്ഥ ചെയ്യുന്നത് വനങ്ങളുടെ പരിരക്ഷയ്ക്ക് ആവശ്യമായിരിക്കുകയാലും;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തൊൻപതാം സംവൽസരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.—(1) ഈ ആക്ടിന് കേരള വനോൽപ്പന്നം (വിൽപ്പന വില നിജപ്പെടുത്തൽ) ആക്ട്, 1978, എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടനെ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിൽ, സന്ദർഭം മററുവിധം ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''കമ്മിററി''ക്ക് 4-ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്യപ്പെട്ട വിദഗ്ദ്ധ കമ്മിററി എന്നർത്ഥമാകുന്നു;

(ബി) ''വന''ത്തിന് 1961-ലെ കേരള വനം ആക്ട് (1962-ലെ 4)-ന്റെ അർത്ഥത്തിനകത്തുവരുന്ന ഏതെങ്കിലും റിസർവ് വനം എന്നർത്ഥമാകുന്നതും അതിൽ 1971-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്ട് (1971-ലെ 26)-ലെ 3-ാം വകുപ്പിൻകീഴിൽ സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും വനം ഉൾപ്പെടുന്നതുമാകുന്നു;

(സി) ''വനോൽപ്പന്ന''ത്തിന് മുളയും ഈറയും യൂക്കാലിപ്റ്റസും വെള്ളപൈനും (വട്ടേറിയ ഇൻഡിക്ക) കൽപൈൻ വർഗ്ഗങ്ങളും (ഡിപ്റ്ററോകാർപ്പസ് സ്പീഷിസ്) പുന്നവർഗ്ഗങ്ങളും (ക്യാലോഫൈലം സ്പീഷിസ്) ചന്ദനവേമ്പും (സെഡ്രലാടൂണ) പാലിയും (പാലയ്ക്കും എലിപ്റ്റിക്കം) മട്ടിയും (എയ്ലാന്തസ് മലബാറിക്കം) ഇലവും (ബൊംബോകസ് മലബാറിക്കം) കമ്പിളിയും (ഇവോഡിയ റോക്സ്ബർഗ്യാന) വെള്ളകിലും (ഡൈസാക്സൈലം മലബാറിക്കം) കടമ്പും (അഡീനാ കോർഡിഫോളിയാ) വെക്കാലിയും (ആനോഗീസസ് ലാറ്റിഫോളിയാ) ബന്ദയും (കിടിയ-കാലിസീന) ഉപ്പത്തി അഥവാ വട്ടയും (മക്കർങ്ക പെൽറേററ) പാലയും (അൽസ്ററോണിയാസ്കൊളാരിസ്) താന്നിയും (ടെർമിനേലിയബെലറിക്ക) എന്നർത്ഥമാകുന്നു;

(ഡി) ''നിർണ്ണയിക്കപ്പെട്ട''തിന് ഈ ആക്ടിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾവഴി നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഇ) ഏതെങ്കിലും വനോൽപ്പന്നത്തെ പരാമർശിച്ച് ''വിൽപ്പനവില''യ്ക്ക് 3-ാം വകുപ്പിൻകീഴിൽ സർക്കാർ ആ വനോൽപ്പന്നത്തിന് നിജപ്പെടുത്തിയ വില എന്നർത്ഥമാകുന്നു;

(എഫ്) ''സംസ്ഥാന''ത്തിന് കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(ജി) ഈ ആക്ററിൽ ഉപയോഗിക്കപ്പെട്ടിട്ടുള്ളതും എന്നാൽ നിർവചിക്കപ്പെട്ടിട്ടില്ലാത്തതും 1961-ലെ കേരള വനം ആക്ററിൽ (1962-ലെ 4) നിർവചിക്കപ്പെട്ടിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആ ആക്ററിൽ അവയ്ക്ക് യഥാക്രമം നല്കപ്പെട്ടിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. <u>വനോൽപ്പന്നത്തിന്റെ വിൽപ്പനവില സർക്കാർ വിജ്ഞാപനപ്പെടുത്തണമെന്ന്.</u>—(1) സർക്കാർ, ഓരോ സാമ്പത്തിക വർഷവും അവസാനിക്കുന്നതിനു മുമ്പ്, ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനം വഴി, തുടർന്നുവരുന്ന സാമ്പത്തിക വർഷത്തേക്ക് ഏതൊരു വനോൽപ്പന്നത്തിന്റെയും വിൽപ്പനവില നിജപ്പെടുത്തേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാർ, ഈ ആക്ടിന്റെ പ്രാരംഭത്തിനുശേഷം ആകുന്നത്രവേഗം, ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനം വഴി, അങ്ങനെയുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തീയതിയിൽ ആരംഭിക്കുന്നതും 1979 മാർച്ച് 31-ാം ദിവസം അവസാനിക്കുന്നതുമായ കാലയളവിലേക്ക് ഏതൊരു വനോൽപ്പന്നത്തിന്റെയും വിൽപ്പനവില നിജപ്പെടുത്തേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിന്റെയോ (2)-ാം ഉപവകുപ്പിന്റെയോ കീഴിൽ ഏതെങ്കിലും വനോൽപ്പന്നത്തിന്റെ വിൽപ്പനവില നിജപ്പെടുത്തുന്നതിനു മുൻപ്, സർക്കാർ, കമ്മിററിയുമായി ആലോചിക്കുകയും അതിന്റെ ശിപാർശകൾ പരിഗണിക്കുകയും ചെയ്യേണ്ടതാണ്.

(4) ഈ വകുപ്പിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് അവർ തീരുമാനിക്കുന്നെങ്കിൽ, ഏതെങ്കിലും വനോൽപ്പന്നത്തിന്റെ വിൽപ്പനവില ഒരു സാമ്പത്തിക വർഷത്തിൽത്തന്നെ പുനർനിർണ്ണയം ചെയ്യാവുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പിൻകീഴിൽ വിൽപ്പനവില പുനർനിർണ്ണയം ചെയ്യുന്നതിനു മുമ്പ്, സർക്കാർ, കമ്മിററിയോട് ആലോചിക്കുകയും അതിന്റെ ശിപാർശകൾ പരിഗണിക്കുകയും ചെയ്യേണ്ടതാണ്.

4. വിദഗ്ദ്ധ കമ്മിററിയുടെ സംവിധാനം.—(1) സർക്കാർ, ഈ ആക്ടിന്റെ പ്രാരംഭത്തിനുശേഷം, ആകുന്നത്രവേഗം, ഗസററ് വിജ്ഞാപനം വഴി, ഓരോ വനോൽപ്പന്നത്തിന്റെയും ഉചിതവും ന്യായവുമായ വിൽപ്പനവില സർക്കാരിലേക്ക് ശിപാർശ ചെയ്യുന്ന ആവശ്യത്തിലേക്ക് ഒരു വിദഗ്ദ്ധ കമ്മിററി സംവിധാനം ചെയ്യേണ്ടതാണ്.

(2) കമ്മിററിയിൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) കാർഷികോൽപ്പാദന കമ്മീഷണർ, എക്സ് ഒഫിഷ്യോ, അദ്ദേഹം കമ്മിററിയുടെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) ചീഫ് കൺസർവേറർ ഓഫ് ഫോറസ്ററ്സ്, എക്സ് ഒഫിഷ്യോ;

(സി) ഗവൺമെന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്, എക്സ് ഒഫിഷ്യോ;

(ഡി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്, എക്സ് ഒഫിഷ്യോ;

(ഇ) സ്ററാററിസ്ററിക്സ് ഡയറക്ടർ, എക്സ് ഒഫിഷ്യോ;

(എഫ്) കേരളാ വനം ഗവേഷണ സ്ഥാപനത്തിന്റെ ഡയറക്ടർ, എക്സ് ഒഫിഷ്യോ;

(ജി) വനങ്ങളുടെ ചാർജ്ജുള്ള ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി, എക്സ് ഒഫിഷ്യോ; അദ്ദേഹം കമ്മിററിയുടെ സെക്രട്ടറിയായിരിക്കുന്നതാണ്.

(3) കമ്മിററി, അതിന്റെ ശിപാർശകൾ നടത്തുമ്പോൾ, മററുള്ളവയുടെ കൂട്ടത്തിൽ താഴെപ്പറയുന്ന കാര്യങ്ങളും പരിഗണിക്കേണ്ടതാണ്, അതായത്:—

(എ) വനോൽപ്പന്നങ്ങളുടെ കമ്പോളവിലയും;

(ബി) വനോൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കു ശേഷം പുനരുദ്ധാരണം ആവശ്യമുള്ള സംഗതികളിൽ, വനോൽപ്പന്നങ്ങളുടെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുമുള്ള ചെലവും;

(സി) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മററു സംഗതികളും.

(4) കമ്മിററി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിക്രമം അനുവർത്തിക്കേണ്ടതാണ്.

5. വനോൽപ്പന്നങ്ങൾ വിൽപ്പനവിലയിൽ കുറവായ വിലയ്ക്കു വിൽക്കാൻ പാടില്ലെന്ന്.—(1) 3-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിൻകീഴിലുള്ള വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണത്തീയതിക്കുശേഷം, യാതൊരു വനോൽപ്പന്നവും ആ വനോൽപ്പന്നത്തിന്റെ വിൽപ്പനവിലയിലും കുറവായ ഒരു വിലയ്ക്ക് സർക്കാരോ ഏതെങ്കിലും വന ഉദ്യോഗസ്ഥനോ വിൽക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിനു വിരുദ്ധമായ ഏതെങ്കിലും വനോൽപ്പന്നത്തിന്റെ വിൽപ്പന നിഷ്ഫലവും അസാധുവും ആകുന്നതും ഒരു നിയമക്കോടതിയിൽ നടപ്പാക്കാൻ പാടില്ലാത്തതും ആകുന്നു.

6. ഒഴിവാക്കൽ.—സർക്കാരിന്, പൊതുതാൽപര്യാർത്ഥം, ഗസററ് വിജ്ഞാപനം വഴി—

(എ) കേന്ദ്ര സർക്കാരിന്റെയോ, കേരള സർക്കാരിന്റെയോ ഉടമയിലുള്ള ഏതെങ്കിലും കമ്പനിക്കോ;

(ബി) 1969-ലെ കേരള സഹകരണ സംഘം ആക്ട് (1969-ലെ 21)-ൻ കീഴിൽ രജിസ്ററർ ചെയ്തതോ രജിസ്ററർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും സഹകരണ സംഘത്തിന് പത്ത് ഘന മീറററിൽ കവിയാതെയോ;

ഉള്ള വനോൽപ്പന്നത്തിന്റെ വിൽപ്പനയെ, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി 5-ാം വകുപ്പിലെ വ്യവസ്ഥകളിൽനിന്ന് ഒഴിവാക്കാവുന്നതാണ്.

7. വിൽപ്പന വിലയുടെ പത്തുശതമാനം വനവികസനത്തിന് ഉപയോഗപ്പെടുത്തണമെന്ന്.—ഈ ആക്ടിന്റെ പ്രാരംഭത്തിനുശേഷം വനോൽപ്പന്നത്തിന്റെ വിൽപ്പനവഴി ലഭിക്കുന്ന തുകയുടെ പത്തുശതമാനം, ഈ ആക്ടിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾക്കു വിധേയമായി, വനവികസനത്തിന് വേണ്ടി ഉപയോഗപ്പെടുത്തുന്നതിലേക്ക് പ്രത്യേകം നീക്കിവയ്ക്കേണ്ടതാണ്.

8. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന്, ഗസററ് വിജ്ഞാപനം വഴി, ഈ ആക്ടിന്റെ വ്യവസ്ഥകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്ന ആവശ്യത്തിലേക്ക്, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം കൂടാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെ പറയുന്ന കാര്യങ്ങളിൽ എല്ലാത്തിനുമോ അഥവാ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) നിർണ്ണയിക്കപ്പെടേണ്ടതിന് ഈ ആക്ററുവഴി പ്രകടമായി ആവശ്യപ്പെടുന്നതോ അനുവദിക്കുന്നതോ ആയ എല്ലാ കാര്യങ്ങളും;

(ബി) നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മററേതെങ്കിലും കാര്യം.

(3) ഈ ആക്ററിൻകീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയ ശേഷം ആകുന്നത്രവേഗം, നിയമസഭയുടെ മുൻപാകെ, അതു സമ്മേളിച്ചിരിക്കുമ്പോൾ, ഒരു സമ്മേളനത്തിലോ അഥവാ തുടർച്ചയായ രണ്ടുസമ്മേളനങ്ങളിലോ

അടങ്ങിയിരിക്കാവുന്ന ആകെ പതിന്നാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അത് അപ്രകാരം വച്ച സമ്മേളനമോ അഥവാ ഉടൻ തുടർന്നുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ, ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നെങ്കിൽ, ചട്ടത്തിന് അതിനുശേഷം അതതു സംഗതിപോലെ, അങ്ങനെയുള്ള രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ പ്രാബല്യമില്ലാതിരിക്കുകയോ ചെയ്യുന്നതാണ്; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ അഥവാ പ്രാബല്യമില്ലാതാക്കലോ ആ ചട്ടത്തിൻ കീഴിൽ മുൻപു ചെയ്ത ഏതിന്റെ എങ്കിലും സാധുതയ്ക്ക് ഭംഗമാകാത്തവിധമായിരിക്കേണ്ടതാണ്.

GOVERNMENT OF KERALA

Law (Legislation-B) Department

NOTIFICATION

No. 9832-Leg. (B1)/78/Law. *Dated, Trivandrum, 26th September 1978/ 4th Asvina, 1900.*

A translation in the English language of the Kerala Vanolppannam (Vilpanavila Nijappeduthal) Act, 1978 (Act 29 of 1978) is hereby published.

By order of the Governor,

K. VISWANATHAN NAIR,

Law Secretary.

ACT 29 OF 1978

THE KERALA FOREST PRODUCE (FIXATION OF SELLING PRICE) ACT, 1978

AN

ACT

to provide for the fixation of the selling price of certain important forest produce, for the prohibition of the sale of such forest produce at less than the price so fixed and for matters incidental or ancillary thereto.

Preamble.—WHEREAS it is necessary to safeguard the forest wealth of the State to the maximum extent possible;

AND WHEREAS the proper regeneration and maintenance of the forests in the State is not possible unless the forest produce is sold at reasonable rates and the proceeds thereof are utilised for such purposes;

AND WHEREAS the very existence of the forest depends on the proper regeneration and maintenance thereof;

AND WHEREAS forest produce particularly timber including bamboo and soft wood like eucalyptus is being sold at unreasonably low rates;

AND WHEREAS it is necessary for the conservation of the forests to provide for the fixation of the selling price of certain important forest produce, for the prohibition of the sale of such produce at less than the price so fixed and for matters incidental or ancillary thereto;

BE it enacted in the Twenty-ninth Year of the Republic of India as follows:—

1. *Short title, extent and commencement.*—(1) This Act may be called the Kerala Forest Produce (Fixation of Selling Price) Act, 1978.

(2) It extends to the whole of the State of Kerala.

(3) It shall come into force at once.

2. *Definitions.*—In this Act, unless the context otherwise requires,—

(a) "committee" means the expert committee constituted under section 4;

(b) "forest" means any reserved forest within the meaning of the Kerala Forest Act, 1961 (4 of 1962) and includes any forest vested in the Government under section 3 of the Kerala Private Forests (Vesting and Assignment) Act, 1971 (26 of 1971);

(c) "forest produce" means bamboos, reeds, eucalyptus, vateria indica (vellapine), dipterocarpus species (kalpine), calophyllum species (punna), cedrelatoona (chandana vembu), palaquim elipticum (pali), ailanthus malabaricum (matty), bombax malabaricum (elavu) evodia roxburghiana (kambli), dysoxylum malabaricum (vellakil) adina cordifolia (kadambu); anogeissus latifolia (vekkalee), kydia calycina (banda) macaranga peltata (uppathy or vatta); alstonia scholaris (pala) and terminalia bellerica (thanni);

(d) "prescribed" means prescribed by rules made under this Act;

(e) "selling price" with reference to any forest produce, means the price of that forest produce fixed by the Government under section 3;

(f) "State" means the State of Kerala;

(g) words and expressions used but not defined in this Act and defined in the Kerala Forest Act, 1961 (4 of 1962), shall have the meanings respectively assigned to them in that Act.

3. *Government to notify selling price of forest produce.*—(1) The Government shall, before the end of each financial year, by notification published in the Gazette, fix the selling price of every forest produce for the following financial year.

(2) Notwithstanding anything contained in sub-section (1), the Government shall, as soon as may be after the commencement of this Act, by notification published in the Gazette, fix the selling price of every forest produce for the period commencing on the date of publication of such notification and ending with the 31st day of March, 1979.

(3) Before fixing the selling price of any forest produce under sub-section (1) or sub-section (2), the Government shall consult the committee and consider its recommendations.

(4) Notwithstanding anything contained in the foregoing provisions of this section, the Government may, if they decide that it is necessary so to do, refix the selling price of any forest produce during the course of a financial year:

Provided that before refixing the selling price under this sub-section, the Government shall cosult the Committee and consider its recommendations.

4. *Constitution of expert Committee.*—(1) The Government shall as soon as may be after the commencement of this Act, by notification in the Gazette, constitute an expert committee for the purpose of recommending to the Government a fair and reasonable selling price for each forest produce.

(2) The Committee shall consist of the following members, namely:—

(a) the Agricultural Production Commissioner, *ex-officio*; who shall be the Chairman of the Committee;

(b) the Chief Conservator of Forests, *ex-officio*;

(c) the Secretary to Government, Industries Department, *ex-officio*;

(d) the Secretary to Government, Finance Department, *ex-officio*;

(e) the Director of Statistics, *ex-officio*;

(f) the Director, Kerala Forest Research Institute, *ex-officio*;

(g) the Joint Secretary to Government in charge of Forests, *ex-officio*, who shall be the Secretary of the Committee.

(3) The Committee shall, in making its recommendations, have regard *inter alia* to the following matters, namely:—

(a) the market price of the forest produce;

(b) the cost of regenerating and maintaining the forest produce in cases where regeneration is necessary after selling the forest produce; and

(c) such other matters as may be prescribed.

(4) The Committee shall follow such procedure as may be prescribed.

5. *Forest produce to be sold at price not less than the selling price.*—(1) After the date of the publication of the notification under sub-section (2) of section 3, no forest produce shall be sold by the Government or any forest officer at a price which is less than the selling price of that forest produce.

(2) The sale of any forest produce in contravention of sub-section (1) shall be null and void and shall not be enforceable in a court of law.

6. *Exemption.*—The Government may, in the public interest, by notification in the Gazette, exempt the sale of any forest produce—

(a) to any company owned by the Central Government or the Government of Kerala;

(b) not exceeding ten cubic meters, to any co-operative society registered or deemed to be registered under the Kerala Co-operative Societies Act, 1969 (21 of 1969),

from the provisions of section 5, subject to such conditions and restrictions as may be specified in the notification.

7. *Ten per cent of selling price to be utilised for forest development.*—Ten per cent of the amount obtained by the sale of forest produce after the commencement of this Act shall, subject to such rules as may be made under this Act, be set apart for being utilised for the development of forests.

8. *Power to make rules.*—(1) The Government may, by notification in the Gazette, make rules for the purpose of carrying into effect the provisions of this Act.

(2) In particular, and without prejudice to the generality of the foregoing power, such rules may provide for all or any of the following matters, namely:—

(a) all matters expressly required or allowed by this Act to be prescribed;

(b) any other matter which has to be, or may be, prescribed.

(3) Every rule made under this Act shall be laid as soon as may be after it is made before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and, if before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be; so however that any such modification or annulment shall be without prejudice to the validity of anything previously done under the rule.

Government of Kerala
1978

Reg. No. KL/TV/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXIII] Trivandrum, Wednesday, 27th September 1978 / 5th Asvina 1900 [No. 608

GOVERNMENT OF KERALA

Public Works & Electricity (D) Department

NOTIFICATION

No. 39755/D1/78/PW. *Dated, Trivandrum, 12th September*, 1978.

Whereas in exercise of the powers conferred by caluse (1) of Article 258 of the constitution, the president has in Notification No. 2/4/63-Judicial II dated 31-5-1963 entrusted the Government of Kerala with their consent the functions of the Central Government under the Kerala Land Acquisition Act, 1961, (Act 21 of 1962) in relation to the acquisition of land for the purpose of the Union in the Kerala State;

And whereas it appears to the Government of Kerala that the lands specified in the schedule below are needed or are likely to be needed for a Public purpose to wit for the formation of NH. 47 notice to that effect is hereby given to all whom it may concern in accordance with the provisions of Section 3 (1) of the said Act.

Under sub section (4) of Section 19 of the said Act the Government direct that in view of the urgency of the case the provisions of section 5 of the Act shall not apply to this case.

ഇൻഡ്യൻ ഭരണഘടനയുടെ 258–ാം വകുപ്പിലെ 1–ാം ഉപവകുപ്പ് അനുശാസിക്കുന്ന അധികാരം ഉപയോഗിച്ച് ഇൻഡ്യൻ പ്രസിഡന്റ് 1963 മെയ്മാസം 31–ാം തീയതിയിലെ നമ്പർ 2/4/63ജുഡിഷ്യൽ 2 നോട്ടിഫിക്കേഷൻ പ്രകാരം കേരളാ ഗവൺമെൻറിനെ അവരുടെ സമ്മതത്തോടുകൂടി

1961-ലെ കേരള സ്ഥലമെടുപ്പ് ആക്റ്റ് (1962-ലെ 21-ാം ആക്റ്റ്) പ്രകാരം കേരള സംസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് ആവശ്യത്തിലേയ്ക്ക് എടുക്കുവാനുദ്ദേശിക്കുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവൺമെന്റിന്റെ പ്രവൃത്തികൾ ചെയ്യുവാൻ ഏൽപ്പിച്ചിരിക്കുന്നതിനാലും,

താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതുകാര്യത്തിന് അതായത് നാഷണൽ ഹൈവേ 47-ൽ കുമ്പളം അരൂർ പാലത്തിന് അപ്രോച്ച് റോഡ് പണിയുന്നതിന് ആവശ്യമാകാനിടയുണ്ടെന്ന് കേരളാ ഗവൺമെന്റിന് ബോദ്ധ്യമായിരിക്കുന്നതിനാലും അപ്രകാരം ആവശ്യപ്പെടുന്നു എന്ന അറിയിപ്പ് ടി ആക്റ്റിലെ 3(1) എന്ന വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് അതു സംബന്ധിച്ച് എല്ലാപേർക്കും നൽകിയിരിക്കുന്നു.

ടി ആക്റ്റ് 19-ാം വകുപ്പ് നാലാം ഉപവകുപ്പ് പ്രകാരം ഈ സംഗതിയുടെ അടിയന്തിരാവസ്ഥ പരിഗണിച്ച് ഇതിൽ ടി ആക്റ്റ് 5-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമല്ലെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്നു.

SCHEDULE

Taluk: Shertallai   *District*; Alleppey   *Village*: Aroor

(The extent given is approximate)

Survey No.		*Description*	*Extent*
419/4	(part)	Dry	1-14
419/4A2	,,	,,	0-84
419/12	,,	,,	0-38
419/13	,,	,,	1-31
419/14	,,	,,	0-45
		Total	4-12

By order of the Governor,

P. V. RAMACHANDRAN NAIR,

Joint Secretary to Government.

PRINTED AND PUBLISHED BY THE S.G.P. AT THE GOVERNMENT PRESS,
TRIVANDRUM, 1978.

6.
Government of Kerala
1978

Reg. No. KL/TV/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXIII] Trivandrum, Wednesday, 27th September 1978 / 5th Asvina 1900 [No. 609

GOVERNMENT OF KERALA

General Education (J) Department

NOTIFICATIONS

G.O. (P) 130/78/G. Edn. *Dated, Trivandrum, 23rd September, 1978.*

I

S.R.O.No. 904/78.—In exercise of the powers conferred by section 35 of the Kerala Education Act 1958 (6 of 1959) the Government of Kerala hereby make the following further amendments to the Kerala Education Rules 1959, namely.

AMENDMENT

(12/78)

1. *Short title and commencement.*—(1) These Rules may be called the Kerala Education (Amendment) Rules, 1978.

(2) These Rules shall come into force at once.

2. In the Kerala Education Rules, 1959, in Chapter XXIII, after rule 15 A, the following rule shall be added namely:—

"16. Notwithstanding anything contained in these rules. any Officer authorised by the Government in this behalf shall, for the purpose of checking the staff fixation proceedings made by the Educational Officers, enter any school, or any office under the Education Department, call for the relevant

records and make enquiries to find out whether any irregularity has been committed in staff fixation. In the course of the said enquiry the authorised Officer can inspect schools, verify the strength of pupils, check the area of class-rooms, call for records from Headmasters, Managers and Educational Officers and do such other acts as may be deemed necessary. As soon as the enquiry is over the authorised officer shall send a detailed report thereon to the Director of Public Instruction for appropriate action in the matter".

Explanatory Note

(This does not form part of the notification, but is intended to indicate its general purport).

As per G.O. (MS) 72/78/G. Edn. dated 13-6-1978 Government have constituted a Supercheck Cell for detection and prevention of irregularities in staff fixation. In the said G.O. it has been stated that Government feel that there must be an agency for Superchecking the departmental staff fixation proceedings through surprise inspections or on the basis of information received at random for detection of irregularities.

This amendment is intended to give statutory powers to the Officers authorised by Government, in this regard to conduct the Supercheck effectively.

II

S.R.O. No. 905/78.—Under rule 16 of Chapter XXIII of the Kerala Education Rules, 1959, the Government of Kerala hereby authorise the Deputy Secretary to Government, Supercheck Cell constituted as per G.O. (MS) 72/78/G. Edn. dated 13th June 1978 to exercise the powers under the said Rule.

Explanatory Note

(This does not form part of the notification but is intended to indicate its general purport)

As per rule 16 of Chapter XXIII of Kerala Education Rule introduced by notification under G.O. (P) 130/78/G. Edn. dated 23-9-1978 any officer authorised by Government shall for the purpose of checking the staff fixation proceedings made by General Education Officers enter any school or any Educational Office under the Education Department and do all other acts specified in the said rule. Government have decided that the Deputy Secretary to Government, Supercheck Cell be authorised to exercise the powers under the said rule. This notification is intended to implement the above decision.

By order of the Governor,

P. S. Raman Pillai,

Joint Secretary to Government

PRINTED AND PUBLISHED BY THE S.G.P. AT THE GOVERNMENT PRESS,
TRIVANDRUM, 1978

Government of Kerala
1978

Reg. No. KL/TV/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXIII] Trivandrum, Wednesday, 27th September 1978 / 5th Asvina 1900 [No. 610

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 7280/LA1/78. *Dated, Trivandrum, 27th September 1978.*

Shri E. John Jacob, an elected member of the Kerala Legislative Assembly from 'Thiruvalla' Assembly constituency expired on September 26, 1978.

കേരള നിയമസഭയിലേക്ക് 'തിരുവല്ല' അസംബ്ലി നിയോജകമണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗമായ ശ്രീ. ഇ. ജോൺ ജേക്കബ് 1978 സെപ്റ്റംബർ 26-ാം തീയതി ചരമം പ്രാപിച്ചിരിക്കുന്നു.

DR. R. PRASANNAN,
Secretary,
Kerala Legislative Assembly.

PRINTED AND PUBLISHED BY THE S.G.P. AT THE GOVERNMENT PRESS, TRIVANDRUM, 1978.

33/3643/MC

Government of Kerala
1978

Reg. No. KL/TV/[illegible]

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXIII] Trivandrum, Wednesday, 27th September 1978 / 5th Asvina 1900 [No. 611

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 7281/LA1/78. *Dated, Trivandrum, 27th September 1978.*

Shri Pattiam Gopalan, an elected member of the Kerala Legislative Assembly from 'Tellicherry' Assembly constituency expired on September 27, 1978.

കേരള നിയമസഭയിലേക്ക് 'തലശ്ശേരി' അസംബ്ലി നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അംഗമായ ശ്രീ. പാട്യം ഗോപാലൻ 1978 സെപ്റ്റംബർ 27-ാം തീയതി ചരമം പ്രാപിച്ചിരിക്കുന്നു.

DR. R. PRASANNAN,
Secretary,
Kerala Legislative Assembly.

PRINTED AND PUBLISHED BY THE S.G.P. AT THE GOVERNMENT PRESS,
TRIVANDRUM, 1978.

LA/3644/MC.

Government of Kerala
1978

Reg. No. KL/TV/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXIII] Trivandrum, Wednesday, 27th September 1978 / 5th Asvina 1900 [No. 607

GOVERNMENT OF KERALA

General Administration (Political–A) Department

NOTIFICATION

No. 108907/Pol. A2/78/GAD. *Dated, Trivandrum, 27th September 1978.*

In supersession of Notification No. 108907/Pol. A2/78/GAD dated 1-9-1978 published in the Gazette Extraordinary No. 570 dated 1-9-1978, the Governor has been pleased to order that, as from 16-9-1978, Shri K. M. Mani, Minister for Home will be in charge of the portfolios held by Shri E. John Jacob, Minister for Food and Civil Supplies, until alternative arrangements are made.

G. Bhaskaran Nair,
Chief Secretary.

PRINTED AND PUBLISHED BY THE S.G.P. AT THE GOVERNMENT PRESS, TRIVANDRUM, 1978.

33/3640/MC.